5G
09.30 AM
NSDL
Technology, Trust & Reach
ടോൾ ഫ്രീ നമ്പർ.
1800 222 990
വിവേകമുള്ള നിക്ഷേപകർക്ക്
ധനനിക്ഷേപത്തിനുള്ള മാർഗ്ഗനിർദ്ദേശം
സമർത്ഥനായിരിക്കുക
ബുദ്ധിശാലിയായിരിക്കുക
ഡീമാറ്റ് ലളിതമാക്കിയത്

NSDL
Technology, Trust & Reach

സൂചിക

എ. നമുക്ക് അടിസ്ഥാന കാര്യങ്ങളിൽ നിന്ന് ആരംഭിക്കാം 2

1. എന്താണ് മൂലധന വിപണി?
2. കടപ്പത്രങ്ങൾ എന്നാൽ എന്താണ്? പ്രാഥമിക വിപണി, രണ്ടാംഘട്ട വിപണി എന്നിവ എന്താണ് അർത്ഥമാക്കുന്നത്?
3. മൂലധന വിപണിയിൽ എൻ.എസ് ഡി.എലിനുള്ള പങ്ക് എന്താണ്?
4. ഒരു എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് എങ്ങനെ തുറക്കാം?
5. നിങ്ങളുടെ എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ടുകൊണ്ട് നിങ്ങൾക്ക് എന്ത് ചെയ്യാൻ സാധിക്കും?

ബി. എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് നൽകുന്ന വാഗ്ദാനങ്ങൾ 7

1. വേഗതയേറിയ എൻ.എസ്.ഡി.എൽ ഇ-സേവനങ്ങൾ
2.എൻ.എസ്.ഡി.എൽ മൊബൈൽ ആപ്പും ഐഡിയാസ് സേവനങ്ങളും
3.എൻ.എസ്.ഡി.എലിന്റെ ഏകീകരിച്ച അക്കൌണ്ട് വിശദാംശങ്ങൾ(സി.എ.എസ്)
4.എൻ.എസ്.ഡി.എൽ ഇ-സമ്മതിദാന/വോട്ടിങ് സേവനം

സി. ഒരു വിവേകശാലിയായ നിക്ഷേപകനായിരിക്കുക 9

1.നിങ്ങൾ ഒരു വിവേകശാലിയായ നിക്ഷേപകനാണെന്ന് ഉറപ്പുവരുത്തുക
2.നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് ശ്രദ്ധയോടെ കൈകാര്യം ചെയ്യുക

ഡി. കൂടുതൽ വിവരങ്ങൾ 12

1.ലഭിക്കാത്ത ഓഹരികൾ/ ഐ.ഇ.പി.എഫ് ഇൽ നിന്നുള്ള ഡിവിഡന്റ് ഇവ മടക്കി കിട്ടുന്നതിനുള്ള അവകാശവാദം ഉന്നയിക്കൽ
2.കടപ്പത്രങ്ങൾ കൈമാറ്റം ചെയ്യുന്നതിന് ഡീമാറ്റ് നിർബന്ധം
3.പട്ടികയിൽ പെടുത്താത്ത കമ്പനികൾക്ക് ഡീമാറ്റ് നിർബന്ധം
4.നിക്ഷേപക ബോധവൽക്കരണ പരിപാടികൾ
5.പരാതി പരിഹരിക്കൽ
6.മറ്റ് ഉപകാരപ്രദമായ സേവനങ്ങൾ

ഈ പ്രസിദ്ധീകരണം എൻ.എസ്.ഡി.എൽ നിക്ഷേപക ധന സുരക്ഷാ ട്രസ്റ്റിന്റെ ഒരു സംരംഭമാണ്.

പ്രിയ വായനക്കാരാ,

എൻ.എസ്.ഡി.എലിനോടുള്ള താല്പര്യത്തിന് ഞങ്ങൾ നന്ദി പറയുന്നു.
ഞങ്ങൾ, എൻ.എസ്.ഡി.എൽ- ൽ ഉള്ളവർ, ഓരോ ഇൻഡ്യാക്കാരനും വെറുമൊരു നിക്ഷേപകനല്ല, തീർച്ചയായും ഒരു വിവേകശാലിയായ നിക്ഷേപകനാകണമെന്ന് ആഗ്രഹിക്കുന്നു. ഈ ലഘുലേഖ വായിക്കാനുള്ള നിങ്ങളുടെ തീരുമാനത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു, ഒപ്പം ഇതിൽ നൽകിയിരിക്കുന്ന വിവരങ്ങൾ നിങ്ങൾക്ക് പ്രയോജനം ചെയ്യുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഈ ലഘുലേഖയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ നിങ്ങളെ ഒരു 'വിവേകശാലിയായ നിക്ഷേപക'നായിത്തീരാനുള്ള ചുവട് വെപ്പിനു സഹായിക്കും.

എൻ.എസ്.ഡി.എൽ- നേക്കുറിച്ചുള്ള ഒരു ചെറിയ ആമുഖം കൂടാതെ, നിങ്ങൾ എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് തുറന്ന് കഴിഞ്ഞാൽ ഉടൻ തന്നെ ഞങ്ങൾ നിങ്ങൾക്ക് നൽകുന്ന വിവിധ സേവനങ്ങളെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണവും ഇതിൽ നൽകിയിട്ടുണ്ട്. നിങ്ങൾക്ക് കൂടുതൽ വിവരങ്ങൾ അറിയുവാനോ, ഏതെങ്കിലും കാര്യങ്ങളിൽ കൂടുതൽ വ്യക്തത ആവശ്യമെങ്കിലോ, ഞങ്ങളുമായി ബന്ധപ്പെടാൻ യാതൊരു മടിയും വേണ്ട.

ആദരവോടെ
എൻ.എസ്.ഡി.എൽ സംഘം

എ. നമുക്ക് അടിസ്ഥാന കാര്യങ്ങളിൽ നിന്ന് ആരംഭിക്കാം

1) എന്താണ് മൂലധന വിപണി?

വളരെ ലളിതമായി പറഞ്ഞാൽ, മൂലധന വിപണി എന്നാൽ, ബിസിനസ്സ് ആവശ്യങ്ങൾക്കായി പണം ആവശ്യമുള്ളവർ, അതു നൽകാൻ കഴിയുന്നവരെ അന്വേഷിക്കുന്ന മൂലധനത്തിന് അഥവാ പണത്തിനുള്ള വിപണി ആണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ആളുകൾ വിവിധ തരത്തിലുള്ള സാമ്പത്തിക ഉപകരണങ്ങൾ വാങ്ങുകയും, വിൽക്കുകയും ചെയ്യുന്ന പ്രവർത്തിയിൽ ഏർപ്പെട്ടിരിക്കുന്ന വിപണിയാണ് മൂലധന വിപണി. ഇതിൽ, ഒരു നിയന്ത്രകൻ(എസ്. ഇ. ബി. ഐ) , സ്റ്റോക്ക് എക്സ്ചേഞ്ചുകൾ (എൻ. എസ്. ഇ/ ബി. എസ്. ഇ മുതലായവ) , നിക്ഷേപകർ(എൻ. എസ്. ഡി. എൽ/ സി. എസ്. ഡി. എൽ) മറ്റ് ഇടനിലക്കാരായ ഓഹരി ദല്ലാളന്മാർ, ഡി. പി കൾ, സൂക്ഷിപ്പുകാർ, വ്യാപാര പണമിടപാടു നടത്തിപ്പുകാർ തുടങ്ങിയവരൊക്കെ ഉൾപ്പെടുന്നു.

2) കടപ്പത്രങ്ങൾ എന്നാൽ എന്താണ്? പ്രാഥമിക വിപണി, രണ്ടാം വിപണി എന്നിവ എന്താണ് അർത്ഥമാക്കുന്നത്?

മൂലധന വിപണിയിൽ വ്യാപാരം നടത്തുന്ന വിവിധ തരം സാമ്പത്തിക ഉപകരണങ്ങളാണ് കടപ്പത്രങ്ങൾ. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഈ ഉപകരങ്ങളിന്മേലാണ്, പണം നൽകുന്നവർ, പണം ആവശ്യമുള്ളവർക്ക് അത് നൽകുന്നത്. ഇതു മനസ്സിലാക്കാൻ നമുക്ക് ഒരു ഉദാഹരണം എടുക്കാം. മിസ്റ്റർ. എ, എ. ബി. സി ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറും, അറിയപ്പെടുന്ന ഒരു സംരംഭകനുമാണ്. അദ്ദേഹം എ.ബി.സി ലിമിറ്റഡ് എന്ന പേരിൽ ഒരു പുതിയ സിമന്റ് നിർമ്മാണശാല തുടങ്ങാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന് സ്വയമോ, എ.ബി.സി ലിമിറ്റഡിനോ കണ്ടെത്താൻ കഴിയുന്നതിലും വളരെ വലിയ തുക (മൂലധനം) ഇതിനായി ആവശ്യമുണ്ട്. അതിനാൽ അത്, മൂലധന വിപണിയിൽ അതിന്റെ ഓഹരി വിഹിതങ്ങൾ പണത്തിന്മേൽ വാഗ്ദാനം ചെയ്യുന്നു. അതിനാൽ അത് ഇനിഷ്യൽ പബ്ലിക്ക് ഓഫർ അഥവാ ഐ. പി. ഒ ആയി അവതരിപ്പിക്കുന്നു. (ഇനിഷ്യൽ ആയി, അതായത് പൊതുജനങ്ങളിൽ നിന്നും ആദ്യമായി വലിയ തോതിൽ ധനശേഖരണം നടത്തുന്നു).

എ. നമുക്ക് അടിസ്ഥാന കാര്യങ്ങളിൽ നിന്ന് ആരംഭിക്കാം

പൊതുജനങ്ങൾക്ക് ഇവയ്ക്ക് പരസ്പര സമ്മതപ്രകാരമുള്ള പണം നൽകി ഓഹരികൾക്കായി അപേക്ഷിക്കാം. പ്രാരംഭ നടപടികൾ പൂർത്തിയായ ശേഷം, ഓഹരികൾ അപേക്ഷകർക്ക് നൽകി, പണം ബാങ്ക് അക്കൌണ്ടിലേക്ക് സ്വീകരിക്കുന്നു, അങ്ങനെ അവരെ കമ്പനിയുടെ ഓഹരിയുടമകളാക്കി മാറ്റുന്നു.

മുകളിൽ സൂചിപ്പിച്ച ഓഹരി ഒരു തരം കടപ്പത്രമാണ്. കടപ്പത്രങ്ങൾ, ബോണ്ടുകൾ, മ്യൂചൽ ഫണ്ട് യൂണിറ്റുകൾ, വാണിജ്യ പത്രങ്ങൾ, നിക്ഷേപ സർട്ടിഫിക്കറ്റുകൾ, സർക്കാർ കടപ്പത്രങ്ങൾ ഇവയൊക്കെ മറ്റ് ഉദാഹരണങ്ങളാണ്.

പൊതു ജനങ്ങൾക്ക് ഓഹരിയുടമകൾ ഓഹരി/ കടപ്പത്രങ്ങൾ വിതരണം ചെയ്യുന്ന വിപണിയാണ് 'പ്രാഥമിക വിപണി.' നേരത്തെതന്നെ വിതരണവും വ്യാപാരവും ചെയ്യിട്ടുള്ള ഓഹരികൾ/ കടപ്പത്രങ്ങൾ വ്യാപാരം (വാങ്ങൽ/ വിൽക്കൽ) നടത്തുന്ന ' രണ്ടാംഘട്ട വിപണി' യാണ് സ്റ്റോക്ക് എക്സ്ചേഞ്ച്. ബി. എസ്. ഇ, എൻ. എസ്. ഇ പോലെയുള്ള സ്റ്റോക്ക് എക്സ്ചേഞ്ചുകൾ ഒരുക്കുന്ന സംവിധാനത്തിലൂടെ, ഒരു എസ്. ഇ. ബി. ഐ രജിസ്റ്റർ ചെയ്ത ഓഹരി ദല്ലാൾ മുഖേന, ഏതൊരു ഓഹരിയുടമക്കും അയാളുടെ ഓഹരികൾ വിൽപ്പനയ്ക്ക് വെക്കാം. പരസ്പരം ധാരണയിലെത്തിയ പണം നൽകി ഏതൊരാൾക്കും ഈ ഓഹരികൾ ഓഹരി ദല്ലാൾ മുഖേന വാങ്ങാനും സാധിക്കും.

3) മൂലധന വിപണിയിൽ എൻ.എസ് ഡി.എലിനുള്ള പങ്ക് എന്താണ്?

1996-ൽ സ്ഥാപിതമായ എൻ.എസ്.ഡി.എൽ, ഇന്ന് ലോകത്തിലെ ഏറ്റവും വലിയ നിക്ഷേപകരിൽ ഒന്നാണ്. ഒരു നിക്ഷേപകൻ എന്ന നിലക്ക്, ഓഹരികളും മറ്റ് തരത്തിലുള്ള കടപ്പത്രങ്ങളും അത് ഇലക്ട്രോണിക് രൂപത്തിൽ, അതായത് കടലാസ്സ് രൂപത്തിലല്ലാതെ, കൈവശം വെക്കുന്നു. ഒരു ഡീമാറ്റ് അക്കൌണ്ട് കൈവശമുണ്ടായിരിക്കുമ്പോൾ, ഒരാൾക്ക് കടപ്പത്രങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ സ്വന്തമാക്കാൻ സാധിക്കും, കൂടാതെ അവന്റെ/അവളുടെ ഡീമാറ്റ് അക്കൌണ്ടിൽ നിന്ന് ഏത് കടപ്പത്രവും ഏതൊരു ഡീമാറ്റ് അക്കൌണ്ടിലേക്കും മാറ്റാൻ സാധിക്കുകയും ചെയ്യും.

ഇന്ത്യൻ മൂലധന വിപണിയിൽ എൻ.എസ്.ഡി.എൽ നൽകിയ സംഭാവനകൾ അതിനെ ലോകത്തിലെ വിവിധ മുൻനിര മൂലധന വിപണികളിൽ പ്രമുഖമാക്കി മാറ്റിയിരിക്കുന്നു. വിവിധ ഉൽപ്പന്നങ്ങളുടേയും, സേവനങ്ങളുടേയും ഏറ്റവും മികച്ച സാങ്കേതികവിദ്യകൾ സ്വീകരിക്കലും, രാജ്യത്തിനകത്തെ സമാനതകളില്ലാത്ത വിധമുള്ള വ്യാപ്തിയും മൂലം, എൻ. എസ്. ഡി. എൽ അതിന്റെ നിക്ഷേപകരുടേയും, ഇടനിലക്കാരുടേയും വിശ്വാസം പിടിച്ചുപറ്റുകയും, അതിന്റെ ഉപനാമത്തോട് കൂറു പുലർത്തി നിൽക്കുകയും ചെയ്യുന്നു- സാങ്കേതികവിദ്യ, വിശ്വാസം & വ്യാപ്തി ഇവ.

എൻ.എസ്.ഡി.എൽ അതിന്റെ 278-ൽ പരം ഡി.പി (നിക്ഷേപക പങ്കാളികൾ) കളുടെ ശൃംഖലയിലൂടെ നിക്ഷേപകർ, ഓഹരിദല്ലാളന്മാർ, സൂക്ഷിപ്പുകാർ, തുടങ്ങിയവർക്ക് ഒരു നിര സേവനങ്ങൾ നൽകുന്നു. പല വൻകിട ബാങ്കുകളും(ദേശസാൽക്കരിച്ചവ, സ്വകാര്യ, സഹകരണ എന്നിവയെല്ലാം), ഓഹരിദല്ലാളന്മാരും, സാമ്പത്തിക സ്ഥാപനങ്ങളും എൻ. എസ്. ഡി. എല്ലിലും, ഡി. പികളിലും ചേർന്നിട്ടുണ്ട്. രാജ്യത്തുടനീളം വ്യാപിച്ചു കിടക്കുന്ന 31,100 ലധികം സേവനകേന്ദ്രങ്ങളിലൂടെയാണ് എൻ. എസ്. ഡി. എൽ ഡി. പികൾ പ്രവർത്തിക്കുന്നത്, കുറച്ച് വിദേശത്തുമുണ്ട്. എൻ. എസ്. ഡി. എൽ പങ്കാളികളുടെ പട്ടികയും അവരുടെ സേവനകേന്ദ്രങ്ങളും എൻ.എസ്.ഡി.എൽ വെബ്സൈറ്റ് ആയ nsdl.co.in ൽ ലഭ്യമാണ്.

4) ഒരു എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് എങ്ങനെ തുറക്കാം?

ഒരു ഡീമാറ്റ് അക്കൌണ്ട് തുറക്കുന്നത് വളരെ ലളിതമാണ്. നിങ്ങൾ എല്ലാവരും ചെയ്യേണ്ടത്, എൻ.എസ്.ഡി.എൽ ഡി.പിയെ സമീപിക്കുക എന്നതാണ്, അവർ നിങ്ങളെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കാൻ സഹായിക്കും. നിങ്ങൾ നിങ്ങളുടെ വ്യക്തിവിവരങ്ങളുടെയും, മേൽവിലാസത്തിന്റെയും രേഖകൾ ഹാജരാക്കണം. കൂടാതെ, ഡീമാറ്റ് അക്കൌണ്ട് തുറക്കാൻ പാൻ നിർബന്ധമാണ്. ഇതും കൂടാതെ, നിങ്ങൾ നിങ്ങളുടെ ബാങ്ക് അക്കൌണ്ടിന്റെ വിശദാംശങ്ങളും നൽകണം.

നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് തുറന്ന് കഴിഞ്ഞാൽ, നിങ്ങളുടെ ഡി.പി നിങ്ങൾക്ക് ഡി.പി ഐ.ഡി, ക്ലയന്റ് ഐ.ഡി, നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് വിവരങ്ങൾ, നിരക്ക് പട്ടിക, നിക്ഷേപ പങ്കാളിയുടേയും, അനുഭവാവകാശക്കാരനായ ഉടമസ്ഥന്റെയും അവകാശങ്ങളും, ധാർമ്മിക ബാധ്യതകളും ഉൾപ്പെട്ട ക്ലയന്റ് മാസ്റ്റർ റിപ്പോർട്ട്, എന്നിവ നൽകും. നിങ്ങൾ നിങ്ങളുടെ ക്ലയന്റ് മാസ്റ്റർ റിപ്പോർട്ടിൽ വിവരങ്ങളെല്ലാം കൃത്യമായാണോ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഉറപ്പാക്കണം. നിങ്ങൾക്ക് ഓഹരികളിലോ മറ്റോ വ്യാപാരം നടത്താനാഗ്രഹമുണ്ടെങ്കിൽ (അതായത്, വാങ്ങൽ, അല്ലെങ്കിൽ വിൽക്കൽ), എസ്.ഇ.ബി.ഐ രജിസ്റ്റർ ചെയ്ത ഏതെങ്കിലും ഓഹരി ദല്ലാളുമായി ഒരു വ്യാപാര/ പണമിടപാട് അക്കൌണ്ട് തുറക്കേണ്ടതാണ്. നിരവധി ബാങ്ക് ഡി.പികൾ നിക്ഷേപകർക്ക് പ്രയോജനം ചെയ്യുന്ന തരത്തിലുള്ള ത്രീ ഇൻ വൺ സംവിധാനം വാഗ്ദാനം ചെയ്യുന്നുണ്ട്. (ത്രീ ഇൻ വൺ എന്നാൽ ഡിമാറ്റ് അക്കൌണ്ട്, വ്യാപാര അക്കൌണ്ട്, ബാങ്ക് അക്കൌണ്ട് എന്നിവ മൂന്നും ചേർന്ന ഒന്നാണ്)

5) നിങ്ങളുടെ എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് ഉപയോഗിച്ച് നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും?

നിങ്ങളുടെ എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് ഉപയോഗിച്ച് നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ചില പ്രധാന കാര്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

I.) നിങ്ങൾക്ക് ഐ.പി.ഒ കളിലും, എൻ.എഫ്.ഒ കളിലും അപേക്ഷിക്കാം. അപേക്ഷാ ഫോറത്തിൽ നിങ്ങളുടെ ഡി.പി.ഐ.ഡിയും, ക്ലയന്റ് ഐ.ഡിയും കൃത്യമായി രേഖപ്പെടുത്താൻ മറക്കരുത്. ഓഹരികളും അതുപോലെ മറ്റ് വിധത്തിലുള്ള കടപ്പത്രങ്ങളും വാങ്ങുന്നതിനും, കൈവശം വെക്കുന്നതിനും ഇതേ ഡീമാറ്റ് അക്കൌണ്ട് തന്നെ മതി.

II) ഭൌതികമായ എല്ലാ പ്രയോജനങ്ങളും(ബോണസ്, അവകാശങ്ങൾ, പ്രസിദ്ധീകരണങ്ങൾ മുതലായവ) നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിലേക്ക് സ്വയമേവ എത്തിച്ചേരും. പണമായി ലഭിക്കുന്ന പ്രയോജനങ്ങളായ കമ്പനി പ്രഖ്യാപിച്ച ലാഭവീതം, ബോണ്ട് നിക്ഷേപങ്ങളുടെ പലിശയോ, അല്ലെങ്കിൽ കാലാവധി പൂർത്തിയാക്കിയ ലഭിക്കേണ്ട തുകയോ ഒക്കെ, ഡീമാറ്റ് അക്കൌണ്ടുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൌണ്ടിലേക്ക് എത്തിച്ചേരും. നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിൽ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

III) നിക്ഷേപങ്ങൾ വിൽക്കാതെ തന്നെ, നിങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നേരിടുന്നതിന്, മിക്ക ബാങ്കുകളും വാഗ്ദാനം നൽകുന്ന 'ഓഹരിയിന്മേലുള്ള വായ്പ' എന്ന സംവിധാനം നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് വഴി നേടാവുന്നതാണ്.

IV) നിങ്ങളുടെ ഡി.പിയിലൂടെ, ഓഹരികളായോ, ബോണ്ടുകളായോ, കടപ്പത്രങ്ങളായോ, സർക്കാർ കടപ്പത്രങ്ങളായോ, സ്വർണ്ണപ്പവൻ ബോണ്ടുകളായോ ഉള്ള എല്ല നിക്ഷേപങ്ങളുടേയും പത്രിക രൂപങ്ങൾ, പത്രിക രൂപത്തിലുള്ള മ്യുച്വൽ ഫണ്ട് യൂണിറ്റുകൾ ഇവ ഡീമാറ്റ് രൂപത്തിലേക്ക് മാറ്റാൻ സാധിക്കും.

V) നിങ്ങളുടെ മ്യുച്വൽ ഫണ്ട് നിക്ഷേപങ്ങൾ അതേ ഡീമാറ്റ് അക്കൌണ്ടിലേക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. ഇങ്ങനെ മ്യുച്വൽ ഫണ്ട് നിക്ഷേപങ്ങൾ ഡീമാറ്റ് അക്കൌണ്ടിലേക്ക് മാറ്റുന്നത് നിങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ എളുപ്പത്തിലാക്കും. എൻ.എസ്.ഡി.എൽ സി. എ. എസിലൂടെ ഒരു സ്ഥലത്തിരുന്ന് നിങ്ങളുടെ പോർട്ട്ഫോളിയോ നിരീക്ഷിക്കാമെന്ന് മാത്രമല്ല, വിവിധ മ്യൂച്വൽ ഫണ്ട് സ്ഥാപനങ്ങളുമായി സമ്പർക്കം നടത്തി നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ മാറ്റണമെന്നുണ്ടെങ്കിൽ, ഉദാഹരണത്തിന്, മേൽവിലാസം, ബാങ്ക് വിവരങ്ങൾ, അനുഭവാവകാശി, മുതലായവ മാറ്റാനുള്ള സമയം ലാഭിച്ചു തരുന്നു. മ്യുച്വൽഫണ്ട് യൂണിറ്റുകളെ വളരെ ലളിതമായി ഡി.പി ഐ.ഡിയും, ക്ലയന്റ് ഐ.ഡിയും നൽകി ഡീമാറ്റ് രൂപത്തിലേക്ക് മാറ്റാനാകും. എന്തിന് പറയുന്നു, എസ്.ഐ.പി വഴിയുള്ള മ്യുച്വൽഫണ്ട് നിക്ഷേപങ്ങൾ പോലും ഡിമാറ്റ് അക്കൌണ്ട് വഴി സാദ്ധ്യമാണ്. മ്യുച്വൽഫണ്ട് യൂണിറ്റുകൾ വീണ്ടെടുക്കുന്നതിനോ, അല്ലെങ്കിൽ വീണ്ടും വാങ്ങുന്നതിനോ നിങ്ങൾക്ക് ഒന്നുകിൽ നിങ്ങളുടെ ഡി.പി യിൽ ഒരു നിർദ്ദേശം നൽകുകയോ, അല്ലെങ്കിൽ എൻ.എസ്.ഡി.എല്ലിന്റെ സ്പീഡ്-ഇ സംവിധാനം ഉപയോഗിച്ചാലോ മതി.

VI) ഡീമാറ്റ് അക്കൌണ്ടിലൂടെ കമ്പനികൾക്ക് ഓഹരികൾ ഹാജരാക്കി നിങ്ങൾക്ക്ബൈബാക്ക്വാഗ്ദാനങ്ങളിൽപങ്കാളികളാകാൻസാധിക്കും.

VII) നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് പ്രവർത്തിപ്പിക്കുന്നതിന്, നിർദ്ദേശിച്ചിരിക്കുന്ന ഫോറത്തിൽ നിങ്ങളുടെ ഡി.പിക്ക് നിർദ്ദേശം നൽകണം. ഇതുകൂടാതെ, എൻ.എസ്.ഡി.എല്ലിന്റെ സ്പീഡ്-ഇ സേവനം ഉപയോഗിച്ച്, എവിടെയിരുന്നും, എപ്പോൾ വേണമെങ്കിലും നിങ്ങളുടെ ഡി.പിക്ക്ഇലക്ട്രോണിക്നിർദ്ദേശംനൽകാം.

ഭൌതിക കടപ്പത്രങ്ങൾ ഡീമാറ്റിന് ലഭ്യമാണോ എന്നറിയാൻ
https://nsdl.co.in/master_search.php സന്ദർശിക്കുക.

ബി. എൻ.എസ്.ഡി,എൽ ഡീമാറ്റ് അക്കൌണ്ട് നൽകുന്ന വാഗ്ദാനങ്ങൾ

1)എൻ.എസ്.ഡി,എൽ സ്പീഡ്-ഇ സേവനം

സ്പീഡ്-ഇ (സ്പീഡി എന്നാണ് ഉച്ചാരണം) എന്നത് എൻ.എസ്.ഡി,എൽ നൽകുന്ന ഒരു ഇന്റർനെറ്റ് അടിസ്ഥാനമായുള്ള സൌകര്യമാണ്. ഇത്, ഒരു ഡീമാറ്റ് അക്കൌണ്ട് ഉടമസ്ഥന്, വിതരണം, പ്രതിജ്ഞ, മ്യൂച്വൽഫണ്ട് വീണ്ടെടുക്കൽ മുതലായവക്കുള്ള നിർദ്ദേശങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ നൽകാൻ സാധിക്കും, അങ്ങനെ നടപടികൾ വേഗത്തിലും, സുരക്ഷിതമായും കാര്യക്ഷമമായും നടത്താൻ കഴിയും. ഒരു ഡീമാറ്റ് അക്കൌണ്ട് ഉടമസ്ഥന് അയാളുടെ/ അവളുടെ ഡി.പി ഈ സേവനം നൽകുന്നുണ്ടെങ്കിൽ, ഈ സേവനം ലഭ്യമാകും.

കൂടുതൽ വിവരങ്ങൾക്ക്, ദയവായി https://eservices.nsdl.com/ സന്ദർശിക്കുക.

2) എൻ.എസ്.ഡി.എൽ മൊബൈൽ ആപ്പും ഐഡിയാസ് സേവനങ്ങളും

എൻ.എസ്.ഡി.എൽ അവരുടെ നിക്ഷേപകർക്കായി ഒരു മൊബൈൽ ആപ്പ് വികസിപ്പിച്ചിട്ടുണ്ട്. നിങ്ങൾക്ക് ഈ മൊബൈൽ ആപ്പ് ഡൌൺലോഡ് ചെയ്ത്, എവിടെയിരുന്നും, ഏത് സമയത്തും, ബാക്കി തുക അറിയാനും, ഡീമാറ്റ് അക്കൌണ്ടിലൂടെ ഇ-സമ്മതിദാനം നടത്താനും സാധിക്കും. ഇത് ഗൂഗിൾ പ്ലേ സ്റ്റോർ, ആപ്പ് സ്റ്റോർ എന്നിവയിൽ ലഭ്യമാണ്, തന്നെയുമല്ല ഇത് തികച്ചും സൌജന്യവുമാണ്.

3) എൻ.എസ്.ഡി.എൽ ഇ-സമ്മതിദാന സേവനം

എൻ.എസ്.ഡി.എൽ ഇലക്ട്രോണിക് സമ്മതിദാനം/വോട്ടിങ്(ഇ-വോട്ടിങ്) വ്യവസ്ഥ നേരിട്ട് മീറ്റിങ്ങ് സ്ഥലത്ത് വരാതെ തന്നെ, എല്ലാ ഓഹരിയുടമസ്ഥനും, ഓൺലൈനായി വോട്ടവകാശം രേഖപ്പെടുത്താനുള്ള സൌകര്യം അനുവദിക്കുന്നു. ഇ-വോട്ടിങ് സേവനം സ്പീഡ്-ഇ, മൊബൈൽ ആപ്പ് ഇവയുമായി സമന്വയിപ്പിച്ചിരിക്കുന്നു.

IndiaBondInfo
വിവിധ തരം ബോണ്ടുകളേക്കുറിച്ചും,
കടപ്പത്രങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ഒരു സ്ഥലത്തു നിന്ന്
സന്ദർശിക്കു: https://www.indiabondinfo.nsdl.com

1)എൻ.എസ്.ഡി.എലിന്റെ ഏകീകരിച്ച അക്കൌണ്ട് വിവരണം(.എ.എസ്)

I) എൻ.എസ്.ഡി.എൽ, അതിന്റെ എല്ലാ ഡീമാറ്റ് അക്കൌണ്ട് ഉടമസ്ഥനും, അയാളുടെ/ അവളുടെ ഡീമാറ്റ് അക്കൌണ്ടുകളുടേയും, മ്യൂച്വൽ ഫണ്ട് നിക്ഷേപത്തിന്റേയും ഒരു ഏകീകരിച്ച അക്കൌണ്ട് വിവരണം(സി. എ. എസ്) അക്കൌണ്ടിന്റെ പ്രസ്താവനാ രൂപത്തിൽ(സ്റ്റേറ്റ്മെന്റ്) അയക്കുന്നു ആദ്യ കൈവശക്കാരന്റെ പാൻ നമ്പറിന്റെ അടിസ്ഥാനത്തിലാണ്, ഹോൾഡിങ്ങുകൾ സംഗ്രഹിക്കുന്നത്.

II) പണമിടപാടുകൾ ഉണ്ട് എങ്കിൽ ഓരോ മാസത്തിലും ഈ സ്റ്റേറ്റ്മെന്റ് **അ**യച്ചുകൊടുക്കും. നിങ്ങൾ ഇ മെയിൽ ഐ.ഡി നൽകുകയും, ഡി.പി ക്ക് അനുമതി നൽകുകയും ചെയ്താൽ, സ്റ്റേറ്റ്മെന്റ്, നിങ്ങളുടെ ഇ-മെയിലിലേക്ക് അയച്ചു തരുന്നതാണ്.

III) നിങ്ങളുടെ എല്ലാ ഡീമാറ്റ് അക്കൌണ്ടിലേയും, മ്യൂച്വൽ ഫണ്ട് പേജിലേയും നിക്ഷേപങ്ങളുടെ സ്റ്റേറ്റ്മെന്റ് കാലയളവും, അവസാന ബാകിതുകയും പരിശോധിക്കാം.

IV) നിങ്ങളുടെ നിക്ഷേപത്തിന്റെ മൂല്യം, സംഗ്രഹിച്ച ര്ട്ട്ഫോളിയോയുടെ മൂല്യം, ആ കാലയളവിലെ പോർട്ട്ഫോളിയോ മൂല്യത്തിന്റെ ആകെ തുക, ഇവയൊക്കെ സ്റ്റേറ്റ്മെന്റ് കാണിച്ച് തരും.

V) കൂടാതെ, നിങ്ങളുടെ എം.എഫ് ഫോളിയോയിൽ നൽകിയിരിക്കുന്ന മറ്റ് വിവരങ്ങളായ നിങ്ങളുടെ കെ.വൈ.സി വിവരങ്ങൾ, ഇ- മെയിൽ ഐ.ഡി, മൊബൈൽ നമ്പർ ഇവ പുതുക്കിയിട്ടുണ്ടോ, എന്നും സ്റ്റേറ്റ്മെന്റ് കാണിച്ചു തരുന്നു.
ഇതിൽ ഏതെങ്കിലും തരത്തിലുള്ള വ്യത്യാസങ്ങൾ കാണുകയോ, അല്ലെങ്കിൽ പുതുക്കലുകൾ ആവശ്യമെങ്കിലോ, നിങ്ങൾക്ക് മ്യൂച്വൽ ഫണ്ട് കമ്പനിയേയോ, അതിന്റെ രജിസ്ട്രാറേയോ ബന്ധപ്പെടാവുന്നതാണ്.

VI) സ്റ്റേറ്റ്മെന്റ് ലഭിച്ചില്ല എങ്കിലോ, ലഭിച്ചതിൽ വൈരുദ്ധ്യങ്ങൾ കാണുകയാണെങ്കിലോ, നിങ്ങളുടെ ഡി.പിയുമായി ഏത്രയും വേഗം ബന്ധപ്പെടണം.

VII) എൻ.എസ്.ഡി.എൽ-ൽ നിന്നും നേരിട്ട് സി.എ.എസ് (ഇ-സി.എ.എസ്) ലഭിക്കുന്നതിന്, എൻ.എസ്.ഡി.എൽ ഡീമാറ്റ് അക്കൌണ്ട് ഉടമസ്ഥർക്ക് നേരിട്ട് ഇ മെയിൽ ഐ.ഡി..ലഭിക്കുന്നതിന് https://nsdlcas.nsdl.com എന്ന ഒരു ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്.

സി. ഒരു വിവേകശാലിയായ നിക്ഷേപകനായിരിക്കുക

1.നിങ്ങൾ ഒരു വിവേകശാലിയായ നിക്ഷേപകനാണെന്ന് ഉറപ്പു വരുത്തുക. ഒരു വിവേകശാലിയായ നിക്ഷേപകൻ.....

- മൂലധന വിപണിയിലെ ഏത് നിക്ഷേപത്തിനും, എല്ലായ്പ്പോഴും, ഒരു എസ്.ഇ.ബി.ഐ രജിസ്റ്റേഡ് ഓഹരി ദല്ലാളുമായോ, അല്ലെങ്കിൽ അംഗീകൃത വ്യക്തിയുമയോ മാത്രം ഇടപെടുന്നു.
- ഒപ്പിടുന്നതിന് മുൻപ്, ഏത് പ്രമാണവും ശ്രദ്ധയോടെ വായിച്ച് നോക്കുന്നു
- ഒപ്പിട്ട പ്രമാണങ്ങൾ, അക്കൌണ്ട് പ്രസ്താവനകൾ (സ്റ്റേറ്റ്മെന്റുകൾ), ലഭിച്ച കരാർ രേഖകൾ, നടത്തിയ പണമൊടുക്കലുകൾ ഇവയുടെ രേഖകൾ സൂക്ഷിക്കുന്നു.
- കൃത്യമായ ഇടവേളകളിൽ അവന്റെ/അവളുടെ സാമ്പത്തിക നേട്ടങ്ങളും, പോർട്ട്ഫോളിയോയും അവലോകനം ചെയ്യുന്നു.
- കാര്യക്ഷമമായ നിരീക്ഷണത്തിന്, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ ഡി ഇവ രജിസ്റ്റർ ചെയ്യണം കൂടാതെ, എൻ.എസ്.ഡി.എൽ സൌകര്യങ്ങളായ മൊബൈൽ ആപ്പ്, എൻ.എസ്.ഡി.എൽ ഇ-സി.എ.എസ്, ഐ.ഡി.ഇ.എ.എസ് ഇവ ഉപയോഗിക്കുന്നു.
- മ്യൂച്വൽഫണ്ടുമായി ബന്ധപ്പെട്ട ഏതൊരു സേവനത്തിനും, എ.എം.എഫ്.ഐ യിൽ രജിസ്റ്റർ ചെയ്ത മ്യൂച്വൽഫണ്ട് വിതരണക്കാരുമായി മാത്രം ഇടപാട് നടത്തുന്നു.
- എപ്പോഴും ബാങ്ക് വഴി മാത്രം നിക്ഷേപം നടത്തുന്നു, അതായത് നേരിട്ടുള്ള പണമിടപാട് നടത്തുന്നില്ല.

2)നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നതിന്

നിങ്ങൾ നിങ്ങളുടെ വിലപിടിപ്പുള്ള നിക്ഷേപങ്ങളാണ് ഡീമാറ്റ് അക്കൌണ്ടിലേക്ക് ചേർക്കുന്നത്. എൻ.എസ്.ഡി.എൽ ഡീമാറ്റ് ആക്കൌണ്ടിന്റെ വിവിധ സവിശേഷതകൾ ആസ്വദിക്കുമ്പോൾ നിങ്ങളുടെ നിക്ഷേപം സുരക്ഷിതമായിരിക്കുന്നത് ഉറപ്പാക്കാൻ താഴെ കൊടുത്തിരിക്കുന്ന ചില അടിസ്ഥാന കാര്യങ്ങൾ ശ്രദ്ധിക്കുന്നത് വളരെ പ്രധാനപ്പെട്ടതാണ്.

I) നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങളിൽ മാറ്റം വന്നാൽ ഉടൻ തന്നെ നിങ്ങളുടെ ഡി.പി യെ യഥാസമയം അറിയിക്കുക (ഉദാഹരണത്തിന് മേൽവിലാസം) അല്ലെങ്കിൽ ഡീമാറ്റ് ആക്കൌണ്ടുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ നിർദ്ദിഷ്ട രൂപത്തിൽ നൽകി, സിസ്റ്റത്തിൽ ഇവ മാറ്റി എന്നതിന് ഉറപ്പു നേടുക.

II) ഡീമാറ്റ് അക്കൌണ്ടിൽ നോമിനേഷൻ/നാമനിർദ്ദേശ സൌകര്യം നേടുക. ഇത് അഥവാ അക്കൌണ്ട് ഉടമസ്ഥൻ മരിച്ചാൽ ഓഹരികളുടെ കൈമാറ്റ നടപടികൾ ലഘൂകരിക്കും. നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിൽ നിങ്ങൾക്ക് മൂന്ന് പേരെ നാമനിർദ്ദേശം ചെയ്യാം. നിങ്ങൾക്ക് ഏതു സമയത്തും, നാമനിർദ്ദേശം ചെയ്തവരുടെ പേരുകൾ മാറ്റാവുന്നതാണ്.

III) നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ട് പ്രവർത്തിപ്പിക്കാനുള്ള അനുവാദം നൽകുന്നതിന് മുൻപ്, അനുവദിച്ച അധികാരങ്ങളുടെ വ്യാപ്തിയും എത്രയുണ്ടെന്നും, ഇതുമൂലം വരാൻ സാധ്യതയുള്ള പ്രശ്നങ്ങളും ശ്രദ്ധയോടെ പരിശോധിക്കണം.

IV) നിങ്ങളുടെ ഡി.പിയിൽ നിന്ന് ഡലിവറി ഇൻസ്ട്രക്ഷൻ സ്ലിപ് (ഡി.ഐ എസ്) ബുക്ക് സ്വീകരിക്കുന്നതിന് മുൻപ് സ്ലിപ്പിൽ ക്രമ നമ്പറുകൾ നേരത്തെ തന്നെ അച്ചടിച്ചിട്ടുണ്ടോ എന്നും, ഒപ്പം നിങ്ങളുടെ ക്ലയന്റ് ഐ.ഡി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും നോക്കണം, വാങ്ങിയിട്ട് അത് വളരെ ശ്രദ്ധയോടെ സൂക്ഷിച്ച് വെക്കണം. ഒരിക്കലും, ഒന്നും എഴുതാത്ത ഫോമുകളിലോ ഡി.ഐ.എസിലോ ഒപ്പിടരുത്. ഫോം പൂർണ്ണമായും പൂരിപ്പിച്ചതിനു ശേഷം മാത്രമേ ഒപ്പിടാവൂ, എന്നത് ഓർമ്മിക്കുക.

V) എൻ.എസ്.ഡി.എലിൽ നിന്ന് തുടർച്ചയായി പരിഷ്കരണങ്ങൾ, എസ്.എം.എസ് അലേർട്ടുകൾ ഇവ നേരിട്ട് ലഭിക്കുന്നതിന്, അക്കൌണ്ട് തുറക്കുന്ന സമയത്തു തന്നെ ഫോമിൽ മൊബൈൽ നമ്പറും ഇ-മെയിൽ ഐ.ഡിയും നൽകണം. ഈ സൌകര്യം നിങ്ങൾക്ക് തികച്ചും സൌജന്യമാണ്, ഒരു തുകയും നിങ്ങളിൽ നിന്ന് ഈടാക്കില്ല. എപ്പോഴെങ്കിലും, മൊബൈൽ നമ്പറോ, ഇ മെയിൽ ഐ.ഡിയോ മാറിയാൽ, അത് കൃത്യമായി, ശരിയായ വിധത്തിൽ നിങ്ങളുടെ ഡി.പി യെ അറിയിക്കുകയും, അവിടുന്ന് മാറ്റം വരുത്തി എന്ന ഉറപ്പ് നേടുകയും വേണം. ഇത് എൻ.എസ്.ഡി.എലിൽ നിന്ന് തുടർച്ചയായി നിങ്ങൾക്ക് അറിയിപ്പുകൾ ലഭിക്കുന്നത് ഉറപ്പാക്കുന്നു.

VI) നിങ്ങളുടെ എല്ല നിക്ഷേപങ്ങളുടേയും ക്രോഡീകരിച്ച പ്രസ്താവന എൻ.എസ്.ഡി.എല്ലിൽ നിന്ന് നേരിട്ട് ലഭിക്കുന്നതിന്, എൻ.എസ്.ഡി.എൽ ഇ-സി.എ.എസ് ന്റെ വിലാസമായ https://nsdlcas.nsdl.com/ ൽ വരിക്കാരാകൂ.

VII) എൻ.എസ്.ഡി.എൽ അതിന്റെ വിവിധ ഉൽപ്പന്നങ്ങൾ/ സേവനങ്ങൾ കൂടാതെ നിക്ഷേപ വ്യവസ്ഥയിലെ മറ്റ് പ്രധാന കാര്യങ്ങൾ ഇവയെല്ലാം നിങ്ങളെ യഥാസമയം



അറിയിക്കുന്നതിനായി ഒരു പ്രതിമാസ വാർത്താക്കുറിപ്പ് 'ദ ഫിനാൻഷ്യൽ കലൈഡോസ്കോപ്' പ്രസിദ്ധീകരിക്കുന്നു. https://nsdl.co.in/e-newsletter.php നിങ്ങളുടെ ഇ-മെൽ ഐ ഡി നൽകി ദയവായി ഇതിന്റെ വരിക്കാരാകൂ.

ഈ വാർത്താക്കുറിപ്പിന്റെ പഴയ ലക്കങ്ങൾ https://nsdl.co.in/publications/nest.php ൽ നിന്ന് വായിക്കാവുന്നതാണ്.

ഡി. കൂടുതൽ വിവരങ്ങൾ

1.ലഭിക്കാത്ത ഓഹരികൾ/ ഐ.ഇ.പി.എഫ് ഇൽ നിന്നുള്ള ഡിവിഡന്റ് ഇവ മടക്കി കിട്ടുന്നതിനുള്ള അവകാശവാദം ഉന്നയിക്കൽ

തുടർച്ചയായ ഏഴ് വർഷങ്ങളായി, ഏതെങ്കിലും കാരണങ്ങളാൽ നൽകാതെയോ, നഷ്ടപരിഹാരം ആവശ്യപ്പെടാതെയോ കിടക്കുന്ന എല്ലാ ലാഭവിഹിതങ്ങളും, ഓഹരികളും, അതാത് കമ്പനികൾ ഇൻവെസ്റ്റർ എഡ്യുക്കേഷൻ ആൻഡ് പ്രൊട്ടക്ഷൻ ഫണ്ട്(ഐ.ഇ.പി.എഫ്) അധികാരിക്ക് കൈമാറേണ്ടതാണ്. ഐ.ഇ.പി.എഫ് അധികാരി എന്നത് 2013-ലെ കമ്പനി നിയമങ്ങൾക്ക് അനുസൃതമായി ഉണ്ടാക്കിയ ഒരു സ്വയംഭരണ സ്ഥാപനമാണ്. നിക്ഷേപകനോ, അല്ലെങ്കിൽ അയാളുടെ/അവളുടെ അധികാരപ്പെടുത്തിയ പ്രതിനിധിയോ, കിട്ടാതെ കിടക്കുന്ന ലാഭവിഹിതം അല്ലെങ്കിൽ ഓഹരി ലഭിക്കുന്നതിനായി ഐ.ഇ.പി.എഫ് അധികാരിക്ക് അവകാശവാദം സമർപ്പിക്കണം. അപേക്ഷകൻ ഐ.ഇ.പി.എഫ് -5 ഫോം ഡൌൺലോഡ് ചെയ്ത്, പൂരിപ്പിച്ച്, ഓൺലൈനായി ഐ.ഇ.പി.എഫ് അധികാരിക്ക് സമർപ്പിക്കണം. അപേക്ഷാ ഫോമും, ഓൺലൈനിൽ ലഭിച്ച അക്നോളജ്മെന്റും, പ്രിന്റെടുത്ത്, ആവശ്യമായ എല്ലാ രേഖകളും ചേർത്ത്, കമ്പനി നിശ്ചയിച്ചിട്ടുള്ള നോഡൽ ഓഫീസർക്ക് നേരിട്ട് നൽകണം. അവകാശവാദം പുനഃപരിശോധിച്ച ശേഷം, കമ്പനി ആ വാദം ഐ.ഇ.പി.എഫ് അധികാരിക്ക് സമ്മതിച്ച് ഉറപ്പ് നൽകുകയും, ഇലക്ട്രോണിക് കൈമാറ്റം വഴി അത് വാദിയായ ആളുടെ ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൌണ്ടിലേക്ക് തിരികെ നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്യും. അവകാശവാദം ഓഹരിയിന്മേലാണെങ്കിൽ, അത്, അപേക്ഷയിൽ നൽകിയിരിക്കുന്ന, നിക്ഷേപകന്റെ ഡീമാറ്റ് അക്കൌണ്ടിലേക്കായിരിക്കും നൽകുന്നത്. ഒരു അപേക്ഷകന്, ഓരോ കമ്പനിയിലേക്കും, ഒരു അവകാശവാദമേ ഒരു സാമ്പത്തിക വർഷത്തിൽ നൽകാനാവൂ.

കൂടുതൽ വിവരങ്ങൾക്ക് ദയവായി http://www.iepf.gov.in/ സന്ദർശിക്കൂ. എല്ലാ കമ്പനികളും അവരുടെ വെബ്സൈറ്റിൽ അവകാശവാദമുന്നയിക്കാതെ കിടക്കുന്ന ഓഹരികളുടേയും, ലാഭവിഹിതങ്ങളുടേയും വിശദാംശങ്ങൾ പ്രസിദ്ധീകരിക്കണമെന്നത് നിർബന്ധമാണെന്നത് വളരെ പ്രധാനമായി അറിഞ്ഞിരിക്കണം.

2. കടപ്പത്രങ്ങൾ കൈമാറ്റം ചെയ്യുന്നതിന് ഡീമാറ്റ് നിർബന്ധം

പട്ടികപ്പെടുത്തിയ കമ്പനികൾ 2019 ഏപ്രിൽ 1 മുതൽ കടപ്പത്രങ്ങൾ കൈമാറ്റം ചെയ്യുന്നത് ഡീമാറ്റ് രൂപത്തിൽ ആയിരിക്കണമെന്നത് നിർബന്ധമാണെന്ന് എസ്.ഇ.ബി.ഐ പറയുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, പട്ടികപ്പെടുത്തിയ ഏതെങ്കിലും ഒരു കമ്പനിയുടെ ഓഹരികൾ നിങ്ങൾ ഭൌതികമായി കൈവശം വെക്കുകയും, അത് മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യണമെന്ന് ആഗ്രഹിക്കുകയും ചെയ്താൽ, 2019 ഏപ്രിൽ 1 മുതൽ അത് ഡിമാറ്റ് രൂപത്തിലേക്ക് മാറ്റിയാൽ മാത്രമേ സാധിക്കുകയുള്ളൂ. ഈ ദിവസം മുതൽ ട്രാൻസ്മിഷനും(ഓഹരിയുടമ മരിച്ചാൽ ഓഹരി കൈമാറ്റം ചെയ്യുന്നത്) ട്രാൻസ്പൊസിഷനും(ഓഹരിയുടമകളുടെ പേരുകളുടെ ക്രമത്തിൽ മാറ്റം വരുത്തുന്നത്) മാത്രമേ ഭൌതിക രൂപത്തിലുള്ള ഓഹരിയിൽ അനുമതി ഉണ്ടായിരിക്കുകയുള്ളൂ.അതിനാൽ, എത്രയും വേഗം നിങ്ങൾ ഒരു ഡീമാറ്റ് അക്കൌണ്ട് തുറക്കുകയും, ഓഹരികൾ ഡീമാറ്റിലേക്ക് മാറ്റുകയും ചെയ്യേണ്ടതാണ്.

3. പട്ടികയിൽ പെടുത്താത്ത കമ്പനികൾക്ക് ഡീമാറ്റ് നിർബന്ധം

കോർപ്പറേറ്റ് കാര്യങ്ങൾക്കുള്ള മന്ത്രാലയം (എം.സി.എ) 2018, സെപ്റ്റംബർ 10 ന് ഒരു പ്രസ്താവന പുറത്തിറക്കി, ഇതനുസരിച്ച്, പട്ടികയിൽ പെടാത്ത പൊതു ലിമിറ്റഡ് കമ്പനികൾ, നിക്ഷേപ വ്യവസ്ഥയിൽ ചേർന്ന്, അവരുടെ ഓഹരികൾ ഡീമാറ്റിൽ ലഭ്യമാക്കണമെന്ന് പറയുന്നു. അതിനു ശേഷമുള്ള അവരുടെ ഓഹരികൾ എല്ലാം തന്നെ ഡീമാറ്റ് രൂപത്തിൽ മാത്രമേ വിതരണം ചെയ്യാവൂ. ഈ രണ്ട് ഉപാധികളും 2018 ഒക്റ്റോബർ 2 മുതൽ പ്രാബല്യത്തിൽ വന്നു. നിക്ഷേപകരുടെ കാഴ്ച്ചപ്പാടിൽ, പട്ടികയിൽ പെടാത്ത കമ്പനികളിലുള്ള അവരുടെ ഓഹരികൾ ഇപ്പോൾ ഡീമാറ്റ് രൂപത്തിൽ ആക്കി മാറ്റാൻ സാധിക്കുകയും, അതിനോടനുബന്ധിച്ചുള്ള പ്രയോജനങ്ങൾ ലഭിക്കുകയും ചെയ്യും. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം, നിങ്ങൾക്ക് നിലവിൽ ഒരു ഡീമാറ്റ് അക്കൌണ്ട് ഉണ്ടെങ്കിൽ ഈ ഓഹരികൾ നിക്ഷേപിക്കാൻ മറ്റൊരു ഡീമാറ്റ് അക്കൌണ്ട് എടുക്കേണ്ട ആവശ്യമില്ല. കടലാസ്സ് രൂപത്തിലുള്ള നിങ്ങളുടെ നിക്ഷേപങ്ങൾ ഇതേ ഡീമാറ്റ് അക്കൌണ്ടിൽ തന്നെ, ഡീമാറ്റ് രൂപത്തിലാക്കാം, അതായത്, കൈവശം വെക്കുന്ന രീതി ഒന്നാണ് എന്ന്.

4. നിക്ഷേപക ബോധവൽക്കരണ പരിപാടികൾ

രാജ്യമൊട്ടാകെ, എൻ.സ്.ഡി.എൽ നിക്ഷേപക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. അത്തരം പരിപാടികളുടെ സമയക്രമം https://nsdl.co.in/Investor-Awareness-Programmes.php ൽ ലഭ്യമാണ്. നിങ്ങൾക്ക് നിങ്ങളുടെ പട്ടണത്തിലോ, ഹൌസിംഗ് സൊസൈറ്റിയിലോ, കോളേജിലോ, സ്ഥാപനത്തിലോ എവിടെയെങ്കിലും നിക്ഷേപക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെങ്കിൽ, ഞങ്ങൾക്ക് info@nsdl.co.in ലേക്ക് എഴുതുക .

5. പരാതി പരിഹരിക്കൽ

നിങ്ങൾക്ക് നിങ്ങളുടെ ഡീമാറ്റ് അക്കൌണ്ടിനെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ, ഞങ്ങൾക്ക് relations@nsdl.co.in ലേക്ക് എഴുതുക, അല്ലെങ്കിൽ അത് നിങ്ങൾക്ക് എസ്.ഇ.ബി.ഐ യുടെ ഓൺലൈൻ https://scores.gov.in/scores/Welcome.html ലേക്ക് പരാതിയായി അയക്കാം.

6.എൻ.എം.ഡി.എല്ലിന്റെ മറ്റ് ഉപകാരപ്രദമായ സേവനങ്ങൾ, എൻ.എസ്.ഡി.എല്ലിന്റെ 100% അനുബന്ധമായ ഒരു കമ്പനി

I) എൻ.എസ്.ആർ (നാഷണൽ സ്കിൽ രജിസ്ട്രി): എൻ.എസ്.ആർ എന്നത്, ഐ.റ്റി & ഐ.റ്റി.ഇ.എസ് / ബി.പി.ഓ വ്യവസായം എന്നിവിടങ്ങളിൽ നിലവിലുള്ളതും, പിന്നീട് വരുന്നതുമായ തൊഴിലാളികളുടെ വിവരങ്ങൾ നൽകുന്ന ഒരു വെബ് അടിസ്ഥാനമായ സംവിധാനമാണിത്. ഇത് എൻ.എ.എസ്.എസ്.സി.ഓ.എം (നാസ്കോം) സംരംഭമാണ്. കൂടുതൽ വിവരങ്ങൾക്ക് ദയവായി https://nationalskillsregistry.com/ സന്ദർശിക്കൂ.

I I) കെ.വൈ.സി രജിസ്ട്രേഷൻ ഏജൻസി: നിക്ഷേപകരുടെ കേന്ദ്രീകൃത കെ.വൈ.സി രേഖകളുടെ അപ്ലോഡും, ഡൌൺലോഡും. കൂടുതൽ വിവരങ്ങൾക്ക് ദയവായി https://kra.ndml.in/ സന്ദർശിക്കൂ.

i i i) നാഷണൽ അക്കാദമിക് ഡെപോസിറ്ററി(എൻ.എ.ഡി): കുട്ടികൾക്കും, പരിശോധകർക്കും, അദ്ധ്യയന സ്ഥാപനങ്ങൾക്കും എടുക്കാൻ പറ്റുന്ന തരത്തിൽ ഡിജിറ്റൈസ് ചെയ്ത ആധികാരികമായ സർട്ടിഫിക്കറ്റുകൾ. കൂടുതൽ വിവരങ്ങൾക്ക് ദയവായി https://nad.ndml.in/ സന്ദർശിക്കൂ.

iv) എൻ.ഐ.ആർ അക്കൌണ്ട് (ഇ- ഇൻഷുറൻസ് അക്കൌണ്ട്) : ഇൻഷുറൻസ് റെഗുലേറ്ററി ആന്റ് ഡവെലപ്മെന്റ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ (ഐ.ആർ.ഡി.എ.ഐ) ഭാഗമായി എൻ.എം.ഡി.എൽ ഒരു ഇൻഷുറൻസ് സങ്കേതം ഉണ്ടാക്കിയിട്ടുണ്ട്. ഒരു ഒറ്റ ഇൻഷുറൻസ് അക്കൌണ്ടിൽ(ഇ-ഐ എ) എല്ലാ തരത്തിലുള്ള ഇൻഷുറൻസ് പോളിസികളും കൈവശം വെക്കുന്നതിന് ഇത് സഹായിക്കുന്നു, മാത്രമല്ല, ഒരൊറ്റ ലോഗിനിലൂടെ, എല്ലാ ഇൻഷുറൻസ് പോളിസികളും ഇലക്ട്രോണിക്ക് രൂപത്തിൽ പരിശോധിക്കാനും ഇത് സഹായിക്കുന്നു. ഈ അക്കൌണ്ട് സൌജന്യമായി തുറക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ദയവായി https://www.nir.ndml.in/ സന്ദർശിക്കൂ.

NATIONAL SECURITIES DEPOSITORY LIMITED

NSDL
Technology, Trust & Reach

പ്രതികരണ ഫോം

(നിക്ഷേപക ബോധവൽക്കരണ പരിപാടികളിൽ പങ്കെടുക്കുമ്പോഴാണ് ഈ ഫോം ഉപയോഗിക്കുന്നത്)

ദിവസം DD MM YYYY　　　　സ്ഥലം:

പരിപാടിയുടെ വിശദാംശങ്ങൾ	മോശം	തൃപ്തികരം	നല്ലത്	മികച്ചത്
ഈ പരിപാടിയുടെ സജ്ജീകരണങ്ങൾ നിങ്ങൾക്ക് എങ്ങനെ ഇഷ്ടപ്പെട്ടു?				
തന്ന വസ്തുക്കളുടെ ഗുണനിലവാരം				
ആദ്യ സെഷനിലെ പരിശീലകന്റെ വിലയിരുത്തൽ				
എ. വിഷയത്തിലുള്ള അറിവ്				
ബി,ആശയവിനിമയവും, അവതരണവും				
സി.സദസ്യരുമായുള്ള സംവേദനം				
രണ്ടാം സെഷനിലെ പരിശീലകന്റെ വിലയിരുത്തൽ				
എ. വിഷയത്തിലുള്ള അറിവ്				
ബി,ആശയവിനിമയവും, അവതരണവും				
സി.സദസ്യരുമായുള്ള സംവേദനം				

- ഈ നിക്ഷേപക ബോധവൽക്കരണ പരിപാടിയെക്കുറിച്ച് നിങ്ങൾ എങ്ങനെ അറിഞ്ഞു? ദയവായി താഴെയുള്ള കള്ളികളിൽ യോജിച്ചതിൽ ശരി ചിഹ്നം ഇടു

  ☐ **ഇ- മെയിൽ** ☐ **എസ്.എം .എസ്** ☐ **ദിനപത്രം** ☐ **മറ്റെന്തെങ്കിലും**

- **·ഈ പരിപാടി കൂടുതൽ മികച്ചതാക്കാനുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ?**

- **ഞങ്ങളുടെ വാർത്താക്കുറിപ്പ് 'ദ ഫിനാൻഷ്യൽ കലെയ്ഡോസ്കോപ്പ്' ലഭിക്കണമെന്നുണ്ടെങ്കിൽ നിങ്ങളുടെ ഇ-മെയിൽ വിലാസം നൽകുക**

പേര്,____________________**മൊബൈൽ നമ്പർ:** ________________

NATIONAL SECURITIES DEPOSITORY LIMITED

NSDL
Technology, Trust & Reach

(ദയവായി ഈ ഫോം പൂരിപ്പിച്ച് ഞങ്ങൾക്ക് നേരിട്ട് തരികയോ അല്ലെങ്കിൽ അയക്കുകയോ ചെയ്യുക)

1) നിങ്ങൾക്ക് ഒരു ഡീമാറ്റ് അക്കൌണ്ട് ഉണ്ടോ?

☐ ഉണ്ട് ☐ ഇല്ല

2)ഇല്ല എങ്കിൽ, ഒരു ഡീമാറ്റ് അക്കൌണ്ട് തുറക്കാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ?

☐ ഉണ്ട് ☐ ഇല്ല

3)ഉണ്ട് എങ്കിൽ , ഞങ്ങളുടെ ഡി.പി മാരിലൊരാൾ ഒരു ഡീമാറ്റ് അക്കൌണ്ട് തുറക്കാൻ നിങ്ങളെ സമീപിക്കാൻ താത്പര്യമുണ്ടോ?

☐ ഉണ്ട് ☐ ഇല്ല

4)മ്യൂച്വൽഫണ്ട് യൂണിറ്റുകൾ ഡീമാറ്റ് രൂപത്തിൽ മാറ്റാൻ സാധിക്കുമെന്ന് നിങ്ങൾക്ക് അറിയാമോ?

☐ ഉണ്ട് ☐ ഇല്ല

5)ഡീമാറ്റ് രൂപത്തിൽ മ്യൂച്വൽഫണ്ട് യൂണിറ്റുകൾ നിങ്ങൾക്ക് വാങ്ങാൻ സാധിക്കുമെന്ന് അറിയാമോ

☐ ഉണ്ട് ☐ ഇല്ല

6)എൻ.എസ്.ഡി.എൽ നിങ്ങളുടെ ഡീമാറ്റ് രൂപത്തിലുള്ള എല്ലാ നിക്ഷേപങ്ങളുടേയും, മ്യൂച്വൽഫണ്ട് യൂണിറ്റുകളുടേയും വിവരങ്ങളുടെ സംഗ്രഹിച്ച അക്കൌണ്ട് പ്രസ്താവന (സ്റ്റേറ്റ്മെന്റ്) അയച്ചു തരുമെന്ന് നിങ്ങൾക്ക് അറിയാമോ?

☐ ഉണ്ട് ☐ ഇല്ല

എൻ.എസ്.ഡി.എൽ ന്റെ നിക്ഷേപ കേന്ദ്രീകൃത ഉൽപ്പന്നങ്ങളും സേവനങ്ങളും.

I)ഐ.ഡി.ഇ.എ.എസ്

നിക്ഷേപകർക്ക് ഓൻലൈനിലൂടെ ഹോൾഡിങ്ങിന്റെ ഏറ്റവും പുതിയ വിവരവും, മൂല്യ നിർണ്ണയവും നടത്താനുള്ള സൌകര്യംക്യു ആർ കോഡ് സ്കാൻ ചെയ്യുക അല്ലെങ്കിൽ താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക.

https://eservices.nsdl.com/

ii) എൻ.എസ്.ഡി.എൽ മൊബൈൽ ആപ്പ്

എവിടെ പോകുമ്പോഴും, ഏതുസമയത്തും ഹോൾഡിങ് സ്റ്റേറ്റ്മെന്റ് കാണാൻ സാധിക്കുന്ന മൊബൽ ആപ്പ്. ക്യു ആർ കോഡ് സ്കാൻ ചെയ്ത് ആപ്പ് ഡൌൺലോഡ് ചെയ്യുക

ഗൂഗിൾ പ്ലേ സ്റ്റോറിലും, ആപ്പിൾ ആപ്പ് സ്റ്റോറിലും ലഭ്യമാണ്.പ്ലേ സ്റ്റോറിൽ

https://play.google.com/store/apps/details?id=com.msf.NSDL.Android

ആപ്പ് സ്റ്റോറിൽ

https://itunes.apple.com/in/app/nsdl/id922834763?mt=8

iii) നാഷണൽ ഇൻഷുറൻസ് റിപോസിറ്ററി(എൻ.ഐ.ആർ)

എല്ലാ ഇൻഷുറൻസ് പോളിസികളും കൈവശം വെക്കാൻ ഒരു സൌജന്യ ഇൻഷുറൻസ് അക്കൌണ്ട്, അതായത്, ജീവിതവും, ജീവിതമില്ലാത്തതും ഒറ്റ സ്ഥലത്ത്. ഒരു സൌജന്യ ഇൻഷുറൻസ് അക്കൌണ്ട് ഇന്നു തന്നെ തുറക്കുക. ക്യു ആർ കോഡ് സ്കാൻ ചെയ്യുക അല്ലെങ്കിൽ താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക.

https://nironline.ndml.in/NIR/onlineEiaApplicationFormEkyc.html

vi) നാഷണൽ അക്കാദമിക് ഡെപോസിറ്ററി(എൻ.എ.ഡി)

വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ ഓൺ ലൈനിൽ സൌജന്യമായി കാണാൻ കഴിയുന്നത്. ഇന്നുതന്നെ ഒരു സൌജന്യ എൻ.എ.ഡി അക്കൌണ്ട് തുറക്കുക! ക്യു ആർ കോഡ് സ്കാൻ ചെയ്യുക അല്ലെങ്കിൽ താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക.

https://nad.ndml.in/NAD/newStudentRegistrationScreen.html

കുറിപ്പുകൾ

NSDL
Technology, Trust & Reach

ഹെഡ് ഓഫീസ്

മുംബൈ

4th ഫ്ലോർ, എ വിങ്ങ്, ട്രേഡ് വേൾഡ്, കമല മിൽസ് കോമ്പൌണ്ട്,
സേനാപതി ബപത് മാർഗ്ഗ്, ലോവർ പരേൽ, മുംബൈ-400013,
ടെലിഫോൺ: (022) 2499 4200, ഇ മെയിൽ: info@nsdl.co.in

ബ്രാഞ്ച് ഓഫീസുകൾ

അഹമ്മദാബാദ്

402, 4th ഫ്ലോർ, ഹെറിറ്റേജ് ഹൊറൈസൺ, ഓഫ് സി.ജി.റോഡ്, നവരംഗ്പുര,
അഹമ്മദാബാദ്-380009 ടെലിഫോൺ: (079) 26461375

ബംഗളൂരു

ഓഫീസ് നം.106, ഡിബിഎസ് ഹൌസ്, 26, കണ്ണിംഹാം റോഡ്,
ബംഗളൂരു- 560052, ടെലഫോൺ: (080) 40407106

ചെന്നൈ

6എ, 6th ഫ്ലോർ, കെൻസെസ് ടവേഴ്സ്, #1 രാമകൃഷ്ണ സ്ട്രീറ്റ്, നോർത്ത് ഉസ്മാൻ റോഡ്,
റ്റി നഗർ, ചെന്നൈ-600017 ടെലഫോൺ: (044) 2814 3911 / (044) 2814 3917

ഹൈദരാബാദ്

ഓഫീസ് നം. 123, ഹൈദരാബാദ് റീഗസ് മിഡ്-ടൌൺ, 1st ഫ്ലോർ, മിഡ്-ടൌൺ പ്ലാസ,
റോഡ് നം.1, ബൻജാരാ ഹിൽസ്, ഹൈദരാബാദ്-500033, ടെലഫോൺ: (040) 4433 4178

കൊച്ചി

സ്യൂട്ട് നം. എസ്-105, മൊൻലാഷ് ബിസിനസ്സ് സെന്റർ, 4th ഫ്ലോർ, ക്രെസെൻസ് ടവർ,
എൻ.എച്ച് 47, ചങ്ങമ്പുഴ നഗർ പി.ഒ, കൊച്ചി -682033, ടെലഫോൺ: (0484) 2933 075

കൊൽക്കത്ത

യൂണിറ്റ് 2ഇ, 2nd ഫ്ലോർ, ദ മില്ലെനിയം, 235/2 എ, എ.ഐ.സി.ബോസ് റോഡ്,
കൊൽക്കത്ത-700020 ടെലഫോൺ: (033) 2290 4243 / (033) 2290 4246

ന്യൂ ഡൽഹി

യൂണിറ്റ് നം. 601, 603,604, 6th ഫ്ലോർ, ടവർ-എ, നവ് രംഗ് ഹൌസ്, കസ്തൂർബ ഗാന്ധി മാർഗ്,
കോണാട്ട് പ്ലേസ്, ന്യൂ ഡൽഹി- 110001, ടെലഫോൺ: (011) 2335 3814 /(011) 2335 3815

ഇൻവെസ്റ്റർ റിലേഷൻഷിപ് സെൽ
ഇ-മെയിൽ : relations@nsdl.co.in

November - 2019

ഇൻവെസ്റ്റർ ഹെൽപ് ലൈൻ (ടോൾ ഫ്രീ)
1800 222 990
www.nsdl.co.in